THE FAMILY PLANNING ASSOCIATION OF INDIA
TRIVANDRUM

# മനുഷ്യവർഗ്ഗത്തിൻെറ ഭാവി

ഡോ: കെ: ഭാസ്കരൻ നായർ

ഭൂമിയിൽ ഇന്നു് നാനൂറുകോടി മനുഷ്യരുണ്ടു്. ഈ സംഖ്യയുടെ വലുപ്പം നമുക്കു് അത്ര എളുപ്പമൊന്നും പിടികിട്ടുകയില്ല. ഒന്നുമുതൽ നൂറുവരെ എണ്ണുവാൻ ഒന്നര മിന്നിട്ടു് സമയം വേണം. അപ്പോഠം ആയിരത്തിനു് 15 മിന്നിട്ടു്. നൂറു് ആയിരങ്ങഠം ചേർന്ന ഒരു ലക്ഷത്തിനു് 1500 മിന്നിട്ടു്; അതായതു് 25 മണിക്കൂർ—ഒരു പകലും ഒരു രാത്രിയും, പിന്നെ ഒരു മണിക്കൂറും. ഇരുന്നിടത്തുനിന്നു് എഴുന്നേൽക്കാതെ, ഒരു മിന്നിട്ടു നേരത്തെ വിശ്രമംപോലുമില്ലാതെ, എണ്ണിയാലുള്ള കഥയാണിതു്. ഈ കണക്കനുസരിച്ചു്, നൂറു ലക്ഷങ്ങഠം ചേർന്ന ഒരു കോടി എണ്ണുന്നതിനു് 104 ദിവസത്തെ, അല്ലെങ്കിൽ മൂന്നര മാസത്തെ, തുടർച്ചയായ അദ്ധ്വാനം ആവശ്യമുണ്ടു്. അങ്ങനെയുള്ള നാനൂറു കോടിയാണു് ഭൂമിയിലെ മൊത്തം ജനസംഖ്യ—1976-ൽ.

ഇതിൽ പകുതിയിലധികവും—ഏകദേശം 225 കോടി —ഏഷ്യാഭൂഖണ്ഡത്തിലാണു് ജീവിക്കുന്നതു്. അതിൽതന്നെയും ചൈന, ഇന്ത്യ എന്ന രണ്ടു രാജ്യങ്ങഠം മനുഷ്യരുടെ എണ്ണംകൊണ്ടു് മുൻപന്തിയിൽ നില്ക്കുന്നു. ചൈനയിലെ ജനസംഖ്യ 80–90 കോടി (കൃത്യമായ കണക്കു് ആർക്കും നിശ്ചയമില്ല); ഇന്ത്യയിലേതു് 60 കോടി.

ഇതാണു് ലോകജനസംഖ്യയുടെ ഇന്നത്തെ സ്ഥിതി. ഇനി നമുക്കു് ഭീമമായ ഈ ജനസഞ്ചയത്തിൻെറ ജീവിതാവശ്യങ്ങളുടെ നില എന്തെന്നു നോക്കാം. ഭുവനജീവിതത്തിൻെറ ആദ്യത്തെ ആവശ്യം ആഹാരമാണല്ലൊ. ഭൂമിയിൽ ഇന്നു് മൊത്തം വിളയുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവു് സൂക്ഷ്മമായി അറിയാം. എല്ലാ രാജ്യങ്ങളിലും കൂടി പ്രതിവർഷം 12,000 ലക്ഷം മെട്രിക്കു് ടൺ (ആയിരം കിലോഗ്രാം) വിളയുന്നു എന്നാണു് കണക്കു്. ഇതു മുഴുവനും നാനൂറുകോടി ജനങ്ങഠംക്കു് സമമായി വീതിച്ചാൽ ആളൊന്നിനു് 300 കിലോഗ്രാം കിട്ടും. ഒരു മനുഷ്യനു് 365 ദിവസം മൃഷ്ടാന്നമായി ആഹാരം കഴിച്ചു് ജീവിക്കുവാൻ ഇതു് ധാരാളം മതിയാകും.

Digitized by Kerala Sahitya Akademi

ഈ കണക്കു് ശരിയാണെങ്കിലും ഭൂമിയിൽ ഇന്നു് എല്ലാ മനുഷ്യർക്കും ഈ അളവിലുള്ള ആഹാരം ലഭിക്കുന്നില്ല. പല രാജ്യങ്ങളിലും ഘോരമായ ദുർഭിക്ഷവും പട്ടിണിയും നില വിലുണ്ടു്. ആഫ്രിക്കയിലും മററും ലക്ഷക്കണക്കിലുള്ള പട്ടിണിമരണങ്ങളും സംഭവിക്കുന്നു.

ഒരു രാജ്യത്തിൻെറ അതിർത്തിക്കകത്തു വിളയുന്ന ഭക്ഷ്യധാന്യം പോലും അവിടത്തെ ജനങ്ങൾക്കു് സമമായി വിതരണം ചെയ്യുവാൻ സാധിക്കുന്നില്ല. ഇന്ത്യയുടെ കാര്യം തന്നെ ഉദാഹരണമായി എടുക്കാം. കേന്ദ്രസർക്കാരിൻെറ കണക്കുപ്രകാരം 1973-ൽ ഇന്ത്യയിൽ ആകെ 1100 ലക്ഷം ടൺ ഭക്ഷ്യധാന്യം ഉൽപാദിപ്പിക്കപ്പെട്ടു എന്നാണു് കാണുന്നതു്. ഈ അളവു് വ്യത്യാസമില്ലാതെ ഇപ്പോഴും തുടരുകയാണെന്നു് സങ്കല്പിക്കാം. ഈ 1100 ലക്ഷം ടൺ 60 കോടി ഭാരതീയർക്കു് സമമായി വീതിച്ചാൽ ആളൊന്നിനു്, ഒരു വർഷത്തേയ്ക്കു്, 183 കിലോഗ്രാം ധാന്യം ലഭിക്കും. ഇതും ജഠരാഗ്നിയെ ശമിപ്പിക്കുന്നതിനു് ധാരാളം മതിയാകും. പക്ഷേ, ഏട്ടിലെ പശു പുല്ലു തിന്നാത്തതുപോലെ, ഈ കണക്കുകൾ കണ്ടതുകൊണ്ടൊന്നും സാധുവായ ഇന്ത്യക്കാരൻെറ വയറു നിറയുന്നില്ല. എന്നല്ല, അതിവിപുലമായ തോതിലുള്ള ഭക്ഷ്യദുർഭിക്ഷം ഈ രാജ്യത്തു് അനുഭവപ്പെടുകയും ചെയ്യുന്നു.

ഇന്ത്യ ഭക്ഷ്യധാന്യങ്ങൾ കയററുമതി ചെയ്യുന്നില്ല. മാത്രവുമല്ല, ആണ്ടുതോറും 50 ലക്ഷം ടണ്ണോളം അന്യരാജ്യങ്ങളിൽനിന്നു് അന്യായവിലയ്ക്കു വാങ്ങിക്കൊണ്ടുവന്നു് ഇവിടെ വിതരണം ചെയ്യുന്നുമുണ്ടു്. അതുകൊണ്ടാണു് കഷ്ടിപിഷ്ടിയായ ഇന്നത്തെ റേഷൻ വ്യവസ്ഥ നിലനിത്തിക്കൊണ്ടിരിക്കുന്നതു്. അപ്പോൾ പിന്നെ നമ്മുടെ മണ്ണിലുണ്ടാകുന്ന ഈ ഭക്ഷ്യധാന്യമെല്ലാം എവിടെ പോകുന്നു? അതെല്ലാം ധനികവർഗ്ഗങ്ങൾ വാരിക്കൂട്ടിയോ, വിലയ്ക്കുവാങ്ങിയോ, മററാർക്കും കൊടുക്കാതെ തിന്നുതീർക്കുകയാണെന്നു പറയുന്നതിൽ അർത്ഥമില്ല. എത്രയെന്നു വച്ചാണു് തിന്നുക! ആഹാരത്തിനു മാത്രമല്ലെ നിറയുക എന്നൊരു അവസ്ഥയുള്ളു. തിന്നാലും തിന്നാലും ഒരു ചാൺ വയററിനകത്തു് എത്ര കൊള്ളുമെന്നു് ഊഹിക്കാൻ കഴിയും. അതുകൊണ്ടു് ഇക്കാര്യത്തിൽ മറെറന്തോ കുഴപ്പം ഉണ്ടെന്നു തീർച്ചയാണു്.

ഒന്നാമത്തെ കുഴപ്പം കണക്കു പഠിപ്പിക്കുമ്പോൾ മഞ്ചാടിക്കുരു വീതിക്കുന്നതുപോലെ ഭക്ഷ്യധാന്യങ്ങൾ പങ്കിടുവാൻ സാധിക്കുകയില്ല എന്നതാണു്. അവ മുതലുമുടക്കി അദ്ധ്വാനിച്ചു് കൃഷി ചെയ്തു് ഉൽപാദിപ്പിക്കേണ്ടിയിരിക്കുന്നു. അവയുടെ

Digitized by Kerala Sahitya Akademi

വിതരണത്തിൽ വ്യാപാരത്തിന്റെ കർശനമായ പിടിയും വലിയുമുണ്ട്. അരിയും ഗോതമ്പും മററു ധാന്യങ്ങളും വെറുതെ കിട്ടുകയില്ല; വില കൊടുത്തു വാങ്ങണം. അവ ഒരു രാജ്യത്തിനകത്തു തന്നെ എല്ലാ ദിക്കിലും ഉണ്ടാകുന്നുമില്ല. അതുകൊണ്ട് ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുന്നത് വളരെ ചെലവും പ്രയാസവുമുള്ള കാര്യമാണ്.

ധാന്യം വേഗം കേടുവന്ന് ഉപയോഗശൂന്യമാകുന്ന സാധനമാണെന്നുള്ളതാണ് രണ്ടാമത്തെ കുഴപ്പം. ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്ന ധാന്യത്തിൽ സാരമായ ഒരംശം ഇങ്ങനെ നഷ്ടപ്പെട്ടുപോകുന്നുണ്ട്. നഷ്ടപ്പെടുന്നതിന്റെ അളവ് പത്തിലൊരംശമെന്നും, അതല്ല ആറിലൊരംശമെന്നും, ഉള്ള കണക്കുകൾ കേൾക്കുന്നു. ചില വിദഗ്ധന്മാർ പറയുന്നത് അതിലും കൂടുതൽ പാഴായിപ്പോകുന്നുണ്ടെന്നാണ്. എലിയും കുരുവിയും പലതരം പ്രാണികളും പുഴക്കളും മനുഷ്യന് തിന്നാനുള്ള ധാന്യം ധാരാളമായി അപഹരിക്കുന്നു. ഈ കാരണങ്ങളാൽ മേല്പറഞ്ഞ അളവിലുള്ള ഭക്ഷ്യധാന്യം ജനങ്ങളിൽ ഭൂരിപക്ഷത്തിനും ഉപയോഗിക്കുവാൻ കിട്ടുന്നില്ല.

പരിഷ്കാരം കൂടുംതോറും മറെറാരു കുഴപ്പവും ഉണ്ടാകുന്നതായി കാണുന്നു. പരിഷ്കാരിയായ മനുഷ്യന് വെറും ധാന്യം തിന്നാൽ തൃപ്തിയാവുകയില്ല എന്നതാണ് ഈ കുഴപ്പം. അവന് ഇറച്ചി വേണം, മുട്ട വേണം, പാലുവേണം എന്നൊക്കെയുള്ള ആഗ്രഹങ്ങളുണ്ടാകുന്നു. പോഷകാഹാരശാസ്ത്രക്കാർ രാപകലില്ലാതെ ഇതൊക്കെ തിന്നണമെന്ന് ജനങ്ങളെ ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. വിശിഷ്ടമായ ഈ ആഹാരസാധനങ്ങൾ നൽകുന്ന ജന്തുക്കളും ഭൂമിയെ ആശ്രയിച്ചുതന്നെയാണ് ജീവിക്കുന്നത്. അവയ്ക്ക് ഒന്നുകിൽ ധാന്യം കൊടുക്കണം; അല്ലെങ്കിൽ ധാന്യം വിളയിക്കാവുന്ന ഭൂമിയിൽ പുല്ല വിളയിച്ച് അവയെ വളർത്തണം. രണ്ടായാലും 20 കിലോ ധാന്യം ചെലവഴിച്ചാൽ മാത്രമേ ഒരു കിലോ ഇറച്ചി കിട്ടുകയുള്ളു. ചോറും അല്പസ്വല്പം മീനും തിന്നു ജീവിച്ചിരുന്ന ജപ്പാൻകാരന് ഇപ്പോൾ ഇറച്ചിയില്ലാതെ ചോറ് ഇറങ്ങുകയില്ലെന്നു പറയുന്നു. 1934–ൽ അവരുടെ ആഹാരത്തിന്റെ 72 ശതമാനം ധാന്യവും, 3 ശതമാനം മാത്രം മത്സ്യമാംസങ്ങളും ആയിരുന്നത് 1972–ൽ 48 ശതമാനം ധാന്യവും $13\frac{1}{2}$ ശതമാനം മൽസ്യമാംസങ്ങളുമായി വ്യത്യാസപ്പെട്ടു. 1950–60 കാലങ്ങളിൽ റഷ്യയിൽ കൃഷിപ്പിഴയുണ്ടായാൽ കാലിത്തീററയ്ക്കു് ധാന്യം കിട്ടാതെ വരുന്നതുകൊണ്ട് ഇറച്ചിക്കുവേണ്ടി വളർത്തുന്ന മൃഗങ്ങളെ കൂട്ടത്തോടെ കൊല്ലുകയായിരുന്നുവത്രെ പതിവ്. അതു

Digitized by Kerala Sahitya Akademi

കൊണ്ടുമാത്രമേ മനുഷ്യരെ പട്ടിണിയിൽ നിന്നു് രക്ഷിക്കുവാൻ സാധിച്ചിരുന്നുള്ളു. പക്ഷേ 1972–ൽ വേണ്ടത്ര ധാന്യം ഉൽപാദിപ്പിക്കുവാൻ സാധിക്കാതെ വന്നപ്പോൾ ഈ ഉപായം സ്വീകരിച്ചില്ല. അതിനുപകരം, കാലിത്തീററയ്ക്കുവേണ്ടി അമേരിക്കയിൽനിന്നു് 280 ലക്ഷം ടൺ ധാന്യം വാങ്ങുവാൻ നിശ്ചയിച്ചു. ആ വർഷത്തിൽ തന്നെ ചൈനയ്ക്കും 50 ലക്ഷം ടൺ ധാന്യം വാങ്ങേണ്ട ആവശ്യമുണ്ടായി. ഇതുമൂലം വടക്കെ അമേരിക്കയിൽനിന്നു വരുന്ന ധാന്യത്തിന്റെ വില അവിടത്തെ മൊത്തക്കച്ചവടക്കാർ നേരെ ഇരട്ടിയാക്കി. നിനച്ചിരിക്കാതെ ഉണ്ടായ ഈ വിലക്കയററം അമേരിക്കയിൽ നിന്നു് ധാന്യം ഇറക്കുമതി ചെയ്തു ജീവിച്ചുപോന്ന പിൻകിടരാജ്യക്കാരെയെല്ലാം മഹാദുരിതം അനുഭവിപ്പിച്ചു. ഈ സങ്കടം ഇപ്പോഴും തുടരുകയാണു്.

ലോകജീവിതത്തിലെ ഈ ദുഃഖങ്ങൾ ശമിക്കുന്നതിന്റെ യാതൊരു ലക്ഷണവും കാണാനില്ല. ഓരോ വർഷവും ഭൂമിയിൽ 70–75 കോടി ജനങ്ങൾ അധികമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. ആകെയുള്ള ജനനങ്ങളും ആകെയുള്ള മരണങ്ങളും തമ്മിലുള്ള വ്യത്യാസമാണിതു്. അതുകൊണ്ടു് ഇന്നു ജീവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ മാത്രം പരിഹരിച്ചാൽ പോരാ. ലോകജനസംഖ്യയ്ക്കു ഇപ്പറഞ്ഞ തോതിൽ ഉണ്ടാകുന്ന നിരന്തരമായ വർദ്ധനവിന്റെ പ്രശ്നങ്ങൾക്കും പരിഹാരം കാണണം. 8000 മൈൽ മാത്രം വ്യാസമുള്ള ഈ ചെറിയ ഭൂഗോളത്തിന്റെ ഉപരിതലത്തിൽ ഇത്ര വളരെ മനുഷ്യർക്കും മററു ജന്തുക്കൾക്കും ജീവിക്കുവാൻ കഴിയുമോ എന്ന കാര്യത്തിൽ തന്നെ ശാസ്ത്രജ്ഞന്മാർക്കു് സംശയമുണ്ടു്. ഏറിയാൽ 300 കോടി മനുഷ്യരെ പുലർത്തുവാനുള്ള വിഭവസമ്പത്തു മാത്രമേ ഭൂമിയിലുള്ളു എന്നാണു് അവരിൽ പലരും കരുതുന്നതു്. അതുതന്നെയും ഇന്നത്തെ അമേരിക്കയുടെയോ, സ്വീഡന്റെയോ, ജെർമ്മനിയുടെയോ, ജപ്പാന്റെയോ നിലവാരത്തിലൊന്നും സാധ്യമല്ല. ആരും പട്ടിണി കിടക്കാതെ, അത്യാവശ്യം വേണ്ട സൗകര്യങ്ങൾ മാത്രമുള്ള ജീവിതം. പക്ഷേ, ഇപ്പോൾ തന്നെ മനുഷ്യരുടെ എണ്ണം 400 കോടിയിൽ കവിഞ്ഞിരിക്കുന്നതുകൊണ്ടു് അങ്ങനെയുള്ള ലോകസ്ഥിതിക്കു വേണ്ടിയുള്ള ആഗ്രഹംപോലും കൈവെടിയേണ്ടിയിരിക്കുന്നു. ഇന്നത്തേക്കാൾ എത്രയോ കൂടുതൽ ദുരിതമയമായ ഒരു ഭാവിയിലേക്കാണു് മനുഷ്യവർഗ്ഗം നീങ്ങിക്കൊണ്ടിരിക്കുന്നതു്.

1 June 1976

Digitized by Kerala Sahitya Akademi